# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2091</u> <u>18.07.2016-ലെ മറുപടിക്ക്</u>

## <u>കോട്ടപ്പുറം-അച്ചാംതുരുത്തി പാലം നിർമ്മാണം</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|
| | **ശ്രീ.എം. രാജഗോപാലൻ** | **ശ്രീ.ജി.സുധാകരൻ (ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) | കാസർഗോഡ് ജില്ലയിലെ കോട്ടപ്പുറം-അച്ചാംതുരുത്തി പാലം നിർമ്മാണം എന്നാണ് ആരംഭിച്ചിട്ടുള്ളത്; | (എ) കാസർഗോഡ് ജില്ലയിലെ കോട്ടപ്പുറം-അച്ചാംതുരുത്തി പാലം നിർമ്മാണം 15/07/2010 നാണ് പണി ആരംഭിച്ചത്. |
| (ബി) | ഈ പാലം എത്ര മാസത്തിനകം നിർമ്മാണം പൂർത്തീകരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) 30 (മുപ്പത്) മാസത്തിനകം പണി പൂർത്തീകരിക്കാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. |
| (സി) | ഇതിന്റെ എസ്റ്റിമേറ്റ് എത്രയാണെന്നും ടെണ്ടർ എടുത്ത കരാറുകാരൻ/കമ്പനി ആരാണെന്നും വ്യക്തമാക്കാമോ; | (സി) എസ്റ്റിമേറ്റ് തുക 22.00 കോടി രൂപ • കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്, കൊച്ചി ആണ് പ്രവൃത്തി ഏറ്റെടുത്തത് |
| (ഡി) | ഈ പാലം നിർമ്മാണത്തിന് കരാർ, സബ് കോൺട്രാക്ട് ആയി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കരാറുകാരന്റെ വിശദവിവരം ലഭ്യമാക്കാമോ; | (ഡി) കരാർ സബ് കോൺട്രാക്ട് നൽകിയിട്ടുണ്ട്. പി.ടി.മത്തായി കൺസ്ട്രക്ഷൻ കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി എന്ന കരാറുകാരനെയാണ് ആദ്യം പ്രവൃത്തി ഏൽപ്പിച്ചത്. എന്നാൽ പ്രവൃത്തി നടത്തുന്നതിൽ കാലതാമസം നേരിട്ടത് കാരണം ടിയാളെ കരാറിൽ നിന്നും ഒഴിവാക്കി ബാക്കി പ്രവൃത്തി M/s. ജി.എം. എഞ്ചിനീയേഴ്സ് ആന്റ് കോൺട്രാക്ടേഴ്സ്, കൊച്ചിയെയാണ് ഏൽപ്പിച്ചത്. |

| | | | |
|---|---|---|---|
| (ഇ) | 60 മാസങ്ങൾ പിന്നിട്ടിട്ടും പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാതെ വന്നത് ആരുടെ നിരുത്തരവാദ നടപടികൾ കൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ഇ) | KSCC സബ് കോൺട്രാക്റ്റ് നൽകിയ ആദ്യ കരാറുകാരനെ പ്രവൃത്തിയിൽ നിന്നൊ-ഴിവാക്കി പുതിയ കരാറുകാരനെ ഏൽപിച്ചതിൽ വന്ന സാങ്കേതികമായ കാലതാമസം, ക്വാറി സമരം, പ്രതികൂല കാലാവസ്ഥയിൽ പുഴയിൽ പൈലിങ് ചെയ്യാനെടുത്ത അധിക സമയം, കോട്ടപ്പുറം ഭാഗത്ത് 10 പൈലുകൾ ചെയ്യാൻ ശ്രമിച്ചപ്പോൾ ആ ഭാഗത്തുണ്ടായ പഴയ ബോട്ട് ജെട്ടിയുടെ കോൺക്രീറ്റ് ഭാഗങ്ങൾ നീക്കം ചെയ്യുന്നതിലുണ്ടായ കാലതാമസം എന്നിവ പ്രസ്തുത പ്രവൃത്തി സമയത്തിൽ പൂർത്തീകരിക്കാൻ കഴിയാത്തതിനുള്ള കാരണങ്ങളായി പ്രാഥമികമായി കണ്ടെത്തിയിട്ടുണ്ട്. |
| (എഫ്) | ഈ പ്രവൃത്തിയുടെ കരാറുകാരന് നീട്ടി കൊണ്ടുപോയ പ്രവൃത്തിക്ക് തുക വർദ്ധിപ്പിച്ചു നൽകി-യിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം; എത്ര രൂപ; ഇത്തരത്തിൽ പ്രവൃത്തി വൈകിപ്പിച്ച് ഇതുവരെയും പൂർത്തിയാക്കാത്ത കരാറുകാർക്കും ഉദ്യോഗസ്ഥർക്കും എതിരെ നടപടി സ്വീകരിക്കുമോ? | (എഫ്) | കരാറുകാരന് തുക വർദ്ധിപ്പിച്ച് നൽകിയിട്ടില്ല. ഇക്കാര്യം വിശദമായി പരിശോധിച്ചതിനു ശേഷം പാളിച്ചകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അത് ഏതു ഭാഗത്തു നിന്നുണ്ടായതെന്ന് അറിഞ്ഞാൽ മാത്രമേ ഇതു സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കാൻ കഴിയൂ. |

**സെക്ഷൻ ഓഫീസർ**